(എ) അനാഥാലയങ്ങളിലേയും ധർമ്മസ്ഥാപനങ്ങളിലേയും അന്തേവാസികൾക്കുവേണ്ടി ജില്ലകളിൽ വർഷംതോറും നടത്തുന്ന മൽസരങ്ങളിൽ വിജയികളാകുന്നവരെ പങ്കെടുപ്പിച്ച് സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന ഓർഫനേജ് ഫെസ്റ്റിന് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുക;

(സി) ജില്ലാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കലാകായികമത്സരങ്ങൾക്ക് ഓരോ ജില്ലയ്ക്കും ചെലവാക്കുന്ന തുക ഗ്രാന്റായി നൽകാൻ സർക്കാർ നടപടിയെടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) ഒരു ലക്ഷം രൂപ.

(സി) ജില്ലാതല മേളകൾ നടത്തുന്നതിന് ഓരോ ജില്ലക്കും അനുവദിക്കപ്പെട്ട ഗ്രാന്റിൽ നിന്നും പരമാവധി 10000/- രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ചെലവുകൾ കർശനമായും അനുവദിക്കപ്പെട്ട ബഡ്ജറ്റ് തുകക്കുള്ളിൽ തന്നെ നിലനിർത്തണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

20 (*440) വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) ഉണ്ട്. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് വ്യവസായ പദ്ധതികൾക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. കേരളത്തിലെ വിവിധ ജില്ലകളിലായി 12 വ്യവസായപാർക്കുകൾ കിൻഫ്ര സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന് ഉതകുന്ന തരത്തിലുള്ള വ്യവസായങ്ങൾക്ക് ആവശ്യമായ രീതിയിൽ വികസിപ്പിച്ചെടുത്ത സ്ഥലം, വൈദ്യുതി, ജലം, വാർത്താവിനിമയ സൗകര്യങ്ങൾ, ബിസിനസ് സെന്റർ, എക്സിബിഷൻ സെന്റർ, കോൺഫറൻസ് ഹാൾ, ആരോഗ്യ പരിപാ

LIBRARY ARCHIVES Kerala Legislative Assembly

ലന കേന്ദ്രം, ക്യാന്റീൻ, ബാങ്ക്, പോസ്റ്റ് ഓഫീസ്, സുരക്ഷാ സൗകര്യങ്ങൾ എന്നിവ ഈ പാർക്കുകളിൽ ലഭ്യമായിരിക്കും.

കിൻഫ്രയുടെ വ്യവസായപാർക്കുകൾ കൂടാതെ വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 14 വ്യവസായ വികസന ഏര്യകളും 18 വ്യവസായ വികസന പ്ലോട്ടുകളും പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, പത്തനംതിട്ട ജില്ലയിലെ കുന്നന്താനം, തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് എന്നിവിടങ്ങളിൽ സ്ഥലം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. കൂടാതെ പാലക്കാട് 50 ഏക്കറും എറണാകുളത്ത് 25 ഏക്കറും തൃശ്ശൂർ ജില്ലയിൽ രണ്ടിടത്തായി 25 ഏക്കർ വീതവും, പാലക്കാട് 17 ഏക്കറും കണ്ണൂർ ജില്ലയിൽ 50 ഏക്കറും കോട്ടയത്ത് 10 ഏക്കർ ഭൂമിയും ഏറ്റെടുക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി ഈ വർഷം 230 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

ഇതുകൂടാതെ കെ.എസ്.ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ

1. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു.
2. ഐ.ടി.വ്യവസായമേഖലയുടെവികസനത്തിനായി ഒരു സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് ആരംഭിക്കുന്നു.
3. എറണാകുളത്ത് ബി.എസ്.ഇ.എസുമായി ചേർന്ന് മൂന്നു ചെറുകിട വൈദ്യുത പദ്ധതികൾ ഒരുമിച്ച് സ്ഥാപിച്ചിട്ടുണ്ട്.
4. 1200 കോടി രൂപ മുതൽമുടക്കി ഒരു എൽ.എൻ.ജി. ടെർമിനൽ സ്ഥാപിക്കുന്നു.
5. 600 കോടി രൂപ ചെലവിൽ കൊച്ചി, കോയമ്പത്തൂർ, കാരൂർ എണ്ണ പൈപ്പു ലൈൻ പദ്ധതി നടപ്പിലാക്കുന്നു.
6. മട്ടാഞ്ചേരിയിൽ 30 കോടി രൂപ മുടക്കി ഒരു പുതിയപാലം പണിയുന്നു.
7. കൊച്ചിയിലെ വ്യവസായമേഖലയ്ക്കായി ഒരു ജലവിതരണ പദ്ധതി സജീവ പരിഗണനയിലാണ്.
8. കൊച്ചിയിൽ ഒരു അന്താരാഷ്ട്ര വിമാനത്താവളം ഏകദേശം 300 കോടി രൂപാ ചെലവിൽ സ്ഥാപിച്ചു. കൂടാതെ ഡിയാസിൽ വൈദ്യുത പദ്ധതി, ഡി.സി. വൈദ്യുതപദ്ധതി, നെടുമ്പാശ്ശേരി റോഡ്/പാലം പദ്ധതി, കൊടുങ്ങല്ലൂർ തുറമുഖ വികസനം, മെട്രോ റെയിൽ പദ്ധതി, ആലുവ, തൃശ്ശൂർ നാലുവരിപ്പാത, വിഴിഞ്ഞം തുറമുഖ വികസനം എന്നിവയും കെ.എസ്.ഐ.ഡി.സി. യുടെ പരിഗണനയിലുണ്ട്. ഇൻഫർമേഷൻ ടെക്നോളജി കമ്പനികളേയും ഇലക്ട്രോണിക്സ് കമ്പനികളേയും ആകർഷിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ടെക്നോ പാർക്കിൽ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകളും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly